# കേരള കാർഷികസർവകലാശാല
## പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്
കാസറഗോഡ്– 671310, rarspil@kau.in


ബി3–1161/2026 തീയതി: 15.05.2026

## പുനർ ദർഘാസ്/ലേല പരസ്യം

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വിളവെടുക്കാൻ പാകമായ 26 മാവുകളും 28 പ്ലാവുകളും ദർഘാസ്/ലേല വ്യവസ്ഥകൾക്ക് വിധേയമായി വിൽക്കപ്പെടുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ദർഘാസ് പരസ്യ നമ്പർ | **ബി3–1161/2026** |
| ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തീയ്യതി | **23.05.2026 ഉച്ചയ്ക്ക് 3.00 മണി** |
| ദർഘാസ് തുറക്കുന്ന തീയതി | **23.05.2026 ഉച്ചയ്ക്ക് 3.30 മണി** |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | **അസോസിയേറ്റ് ഡയറക്ടർ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** |
| നിരത ദ്രവ്യം | **1500/– രൂപ** |

ഒരു മാവ്, പ്ലാവ് ലേലത്തിനെടുക്കുന്ന നിരക്ക് ദർഘാസിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ലേലം ചെയ്ത മാങ്ങ/ചക്ക, ലേലക്കാരന്റെ ചെലവിൽ കൊണ്ടുപോകേണ്ടതാണ്.

മുദ്രവെച്ച ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി **23.05.2026 ഉച്ചയ്ക്ക് 3 മണിവരെ** ആയിരിക്കും. ദർഘാസ് സ്വീകരിക്കുന്ന നിശ്ചിത സമയ കഴിഞ്ഞാൽ പരസ്യ ലേലം നടത്തുന്നതായിരിക്കും.

1. മാവ്, പ്ലാവ് എന്നിവക്ക് പ്രത്യേകം ലേലം വിളിക്കേണ്ടതാണ്. ഏറ്റവും കൂടിയ തുക വിളിക്കുന്നയാളിന്റെ പേരിൽ വില തൃപ്തികരമെന്ന് കണ്ടാൽ ലേലം ഉറപ്പിക്കുന്നതായിരിക്കും. ലേല തുകയുടെ മൂന്നിലൊരുഭാഗം ലേലം കൊണ്ട വ്യക്തി അന്നുതന്നെ ഓഫീസിൽ അടയ്ക്കേണ്ടതും ബാക്കി തുക 7 ദിവസത്തിനുള്ളിൽ അടച്ചു തീർക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം അടച്ച തുക സർവ്വകലാശാല ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതും, വില്പനയ്ക്കായി പുനർ ലേലം നടത്തുന്നതുമായിരിക്കും. പുനർ ലേലം നടത്തുന്നത് മൂലം സർവ്വകലാശാലയ്ക്ക് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ നികത്താൻ ലേലക്കാരൻ ബാധ്യസ്ഥനാകുന്നതാണ്.
2. ലേലത്തിനു മുമ്പ് പ്രവൃത്തി സമയങ്ങളിൽ ലേലത്തിനു വെച്ച മാവുകളും പ്ലാവുകളും പിലിക്കോട് കേന്ദ്രത്തിൽ വന്ന് പരിശോധിക്കാവുന്നതാണ്.
3. ലേലം കൊണ്ട മരങ്ങളിലെ ഫലങ്ങൾ ലേല കാലയളവിൽ എടുക്കാനുള്ള അവകാശം മാത്രമാണ് ലേലക്കാർക്ക് ഉണ്ടാവുക. ഒരു സീസണിലേക്ക് മാത്രമാണ് ലേലം ക്ഷണിക്കുന്നത്.
4. ഫാം സൂപ്രണ്ടിനെ മുൻകൂട്ടി കണ്ട് അനുവാദം വാങ്ങിയതിനുശേഷം മാത്രമേ ഓരോ തവണയും ഉത്പന്നങ്ങൾ ഫാമിനു പുറത്തുകൊണ്ടുപോകാൻപാടുള്ളൂ.
5. ലേല കാലാവധി കഴിഞ്ഞതിനുശേഷം ഫാം വസ്തുവകകൾക്ക് ലേലക്കാരൻ നാശനഷ്ടം ഉണ്ടാക്കിയിട്ടില്ല എന്ന ഫാം സൂപ്രണ്ടിന്റെ സാക്ഷ്യപത്രത്തിന്റെയും രസീതിന്റെയും അടിസ്ഥാനത്തിൽ നിരതദ്രവ്യം തിരികെ നൽകുന്നതാണ്.
6. ലേലം/ദർഘാസ് നീട്ടിവെക്കാനോ, റദ്ദ് ചെയ്യാനോ ഉള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.

7. ദർഘാസ് സ്വീകരിക്കുന്ന അവസാന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ:04672260632.

ഒപ്പ്/-
സാബു ജോസഫ്
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:

1. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ, നീലേശ്വരം മുനിസിപ്പാലിറ്റി
2. അസിസ്റ്റന്റ് പ്രൊഫസർ i/c ഫാം, ഫാം സൂപ്രണ്ട്
3. നോട്ടീസ് ബോർഡ്, ഓഫീസ്/ഫാം
4. വെബ്സൈറ്റ്/വാട്ട്സപ്പ് ഗ്രൂപ്പ്

// അംഗീകാരത്തോടെ//

സെക്ഷൻ ഓഫീസർ